RCS/7696/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 31.01.2023

സർക്കുലർ നം.04/2023

വിഷയം:- സഹകരണ സ്ഥാപനങ്ങൾക്ക് ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

പരാമർശം:- സർക്കാരിന്റെ 07.12.2022 ലെ PS1/322/2020-Co-op നമ്പർ കത്ത്

കേരള സഹകരണ സംഘം നിയമം, 1969, പ്രകാരം രജിസ്റ്റർ ചെയ്യ പ്രവർത്തിക്കുന്നതും കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതുമായ എല്ലാ സഹകരണ സ്ഥാപനങ്ങളേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് തിരിച്ചറിയുന്നതിനായി ഏകീകൃത സ്വാഭാവമുള്ള പൊതു ബോർഡുകൾ സ്ഥാപിക്കേണ്ടതാണെന്ന് പരാമർശ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിലേയ്ക്കായി പൊതു ബോർഡ് സഹകരണ വകുപ്പ് തയ്യാറാക്കുകയും ആയത് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി 14.11.2022 ന് പാലക്കാട് നടന്ന 69-ാം അഖിലേന്ത്യ സഹകരണ വാരാഘോഷത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വെച്ച് പ്രകാശന കർമ്മം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഏകീകൃത നെയിം ബോർഡിന്റെ മാതൃക സഹകരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.cooperation.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും പ്രസ്തുത മാതൃകയിലുള്ള നെയിം ബോർഡുകൾ 31.03.2023 ന് മുൻപായി തയ്യാറാക്കി സംഘത്തിന്റെ നിലവിലുള്ള നെയിം ബോർഡിനൊപ്പം പൊതു ജനങ്ങൾക്കും, സഹകാരികൾക്കും വ്യക്തമായി കാണുന്ന തരത്തിൽ എറ്റവും കുറഞ്ഞത് 6 അടി നീളവും 3 അടി വീതി അളവുള്ള നെയിം ബോർഡ് സ്ഥാപിക്കേണ്ടതാണെന്ന് അറിയിക്കുന്നു. പ്രസ്തുത നെയിം ബോർഡുകൾ തയ്യാറാക്കുമ്പോൾ മാതൃകയിലുള്ള നിറം, അക്ഷര രീതി, എംബ്ലം, വാക്കുകളുടെ ക്രമം എന്നിവ അതേപടി തന്നെ പിൻതുടരേണ്ടതാണ്.

എല്ലാ സഹകരണ സ്ഥാപനങ്ങളും സ്ഥാപനത്തിന് ഉള്ളിൽ സ്ഥാപനത്തിൽ വരുന്ന എല്ലാ ഇടപാടുകാർക്കും കാണുന്ന വിധത്തിൽ കുറഞ്ഞത് 3 അടി നീളത്തിലും 1.5 അടി വീതിയിലും നിശ്ചിത മാതൃകയിലുള്ള ബോർഡ് സ്ഥാപിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ സഹകരണ സ്ഥാപനങ്ങളും നിശ്ചിത തീയതിക്കുള്ളിൽ പാലിച്ചിട്ടുണ്ട് എന്ന വിവരം എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും ഉറപ്പ് വരുത്തേണ്ടതും എല്ലാ സഹകരണ സ്ഥാപനങ്ങളും പൂർണ്ണമായും പാലിച്ചിട്ടുണ്ട് എന്ന വിവരം സഹകരണ സംഘം രജിസ്ട്രാർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബോർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിശ്ചിത മാതൃകയിലുള്ള ബോർഡുകൾ 2 : 1 (നീളം:വീതി) എന്ന അനുപാതത്തിൽ സ്ഥാപിക്കേണ്ടതാണ്.

Sign Cabinet 1.5x3 (Light & Non-Light Box Sign)	· The box is to be covered from the top, bottom, and sides with quality multiwood 10/12mm · Top panel of Durable Finish Cast White Acrylic Sheet(2/3mm) · Edge covered with 12 mm aluminum/steel L profile (steel finish) for uniform light and finishing. · Box Depth Main Signage - outer to outer 3.5 inch Double Side - outer to outer 5.5 inch
Electrical Works	· LED ridged plates, DC 12V, 1.5 W, ROHS certified, IP66 rating accessories has to be from LG/Samsung or equivalent with 5 years warranty. 6 to 10 plates for uniformity of lighting. · Wiring should be done with at least 1.5 mm PVC insulated flexible copper wire with ISI mark.
Signage printing	Clear Vinyl 8 pass Print/Latex/UV pasting.
Colour Information (CMYK)	**Dark Green:** 80% cyan, 0% magenta, 100% yellow, and 30% black. **Light Green:** 60% cyan, 0% magenta, 100% yellow, and 0% black.

(ഒപ്പ്)

അലക്സ് വർഗ്ഗീസ് ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.

3. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
5. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
9. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
10. എഡിറ്റർ/സഹകരണ വീഥി,
11. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

ഒന്നിക്കാം... മുന്നേറാം... സമൂഹ നന്മയ്ക്കായി...

ഇത് ഒരു സഹകരണ സ്ഥാപനം

സർവ്വീസ് സഹകരണ സംഘം
ലിമിറ്റഡ് നം :

കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തത്

3 X 1.5 FT